# ഗവ.മെഡിക്കൽ കോളേജ്, കണ്ണൂർ

*പരിയാരം, കണ്ണൂർ - 670503*

No. A2/1810-2/2023/GMCKNR 21.04.2026

## <u>ക്വട്ടേഷൻ പരസ്യം</u>

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ അധീനതയിൽ ഉള്ളതും മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഉൾപ്പെട്ടിരിക്കുന്നതുമായ സ്ഥലത്തെ ഫലവൃക്ഷങ്ങളിൽ നിന്നും ഒരു വർഷ കാലയളവിലേക്ക് ആദായമെടുക്കുന്നതിനുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

ക്വട്ടേഷൻ അടക്കം ചെയ്തിട്ടുള്ള കവറിനു മുകളിൽ A2/1810-2/2026/GMCKNR ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനങ്ങളുടെ പേര്, മേൽ വിലാസം, "ഫലവൃക്ഷദായങ്ങൾ എടുക്കുന്നതിനു എന്ന്" കവറിനു പുറത്തു രേഖപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ് കണ്ണൂർ എന്ന വിലാസത്തിൽ 05.05.2023 തീയതിക്ക് 3 മണിക്ക് മുമ്പായി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. 06.05.2026 തീയതി ---- മണിക്ക് ഹാജരുള്ള ദർഘാസുകാരെന്റെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ തുറന്നു നോക്കുന്നതാണ്.

ഹോസ്റ്റലുകളുടെയും ക്വാർട്ടേഴ്സുകളുടെയും ചുറ്റുമതിലിനകത്തുള്ളവ ഒഴികെ 119 എക്കറിൽ സ്ഥിതിചെയ്യുന്ന ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കാവുന്നതാണ് .

ക്വട്ടേഷൻ ആരുടെ പേരിൽ സമർപ്പിക്കുന്നുവോ അയാൾ പ്രിൻസിപ്പാൾ ആവശ്യപ്പെടുന്ന സമയ പരിധിക്കുള്ളിൽ ജി.എസ്.ടി അടക്കമുള്ള മുഴുവൻ തുകയും ഓഫീസിൽ ഒടുക്കേണ്ടതാണ്. 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ ഉടമ്പടി സമർപ്പിക്കേണ്ടതും 2,500/- രൂപ നിരതദ്രവ്യം ഡിഡി ആയി നൽകേണ്ടതുമാണ്. മേൽ പറഞ്ഞ കാര്യങ്ങൾ പാലിക്കാത്ത പക്ഷം പ്രസ്തുത വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ക്വട്ടേഷൻ റദ്ദാക്കുന്നതും മറ്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്.

പൊതുജനാവശ്യാർത്ഥമോ മറ്റ് ചില ക്ഷേമ പ്രവർത്തനങ്ങൾക്കോ ആവശ്യമാണെന്ന് കണ്ടാൽ യാതൊരു മുന്നറിയിപ്പില്ലാതെ നഷ്ടപരിഹാരം നൽകാതെ ആവശ്യമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

ആദായം എടുക്കുന്ന അവസരത്തിൽ ക്യാമ്പസിലെ കെട്ടിടങ്ങൾക്കോ മറ്റോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും വസൂലാക്കുന്നതായിരിക്കും . ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുമ്പോൾ ശരിയായ രീതിയിൽ പരിരക്ഷിക്കുക്കയും , കാര്യമായ വളം ചെയ്യേണ്ടതുമാണ്. തെങ്ങിൽ നിന്നും പച്ച ഓല വെട്ടാൻ പാടില്ലാത്തതാകുന്നു.

മറ്റു ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനു ബാധകമാണ്. ക്വട്ടേഷൻ സംബന്ധിച്ച കാര്യങ്ങളിൽ അന്തിമ തീരുമാനം പ്രിൻസിപ്പലിൽ നിക്ഷിപ്തമാണ് .

പ്രിൻസിപ്പാൾ

പകർപ്പ്:

സൂപ്രണ്ട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രി

എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ

മെഡിക്കൽ സൂപ്രണ്ട്, ഗവ. മെഡിക്കൽ കോളേജ് ആശുപത്രി

സാർജന്റ്, കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രി

ഡെപ്യൂട്ടി സൂപ്രണ്ട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രി

സ്റ്റോക്ക് ഫയൽ